**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പ് - തിരുവനന്തപുരം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ഒരു ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ തസ്തിക മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) ന്റെ ഓഫീസിലേക്ക് ട്രാൻസ്ഫർ ചെയ്ത് സ്ഥിരം തസ്തികയാക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ)നം.3062/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 03/12/2018**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 09.08.2017 ലെ എ 1/8557/2013 നമ്പർ കത്ത്.

2. 09.01.2018 തിയതിയിലെ സ.ഉ. (സാധാ) നം. 90/2018/തസ്വഭവ.

**<u>ഉത്തരവ്</u>**

മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) കാര്യാലയത്തിൽ ഒരു അറ്റൻഡന്റ്/ ചെയിൻമാന്റെ സ്ഥിരം തസ്തിക ആവശ്യമാണെന്നും മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ഒരു ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻ തസ്തിക ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ ഓഫീസിലേക്ക് ട്രാൻസ്ഫർ ചെയ്ത് സ്ഥിരം തസ്തികയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 2 പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയും ചെയിൻമാൻ തസ്തികയും ഏകീകരിച്ച് ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻ എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതിനാലും മുഖ്യ നഗരാസൂത്രണ കാര്യാലയത്തിൽ ഓഫീസ് അറ്റൻഡന്റ്/ ചെയിൻമാൻമാരുടെ കർത്തവ്യങ്ങളിൽ വ്യത്യാസമില്ലാത്തതിനാലും തിരുവനന്തപുരം മേഖലാ നഗരാസൂത്രണ കാര്യാലയത്തിലെ ഒരു ഓഫീസ് അറ്റൻഡന്റ് /ചെയിൻമാൻ തസ്തിക മുഖ്യ നഗരാസൂത്രകൻ (വിജിലൻസ്) ന്റെ ഓഫീസിലേക്ക് ട്രാൻസ്ഫർ ചെയ്ത് സ്ഥിരം തസ്തികയാക്കി മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്:

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ